# എണ്ണക്കുട്ടികൾ



## സിനിമ

തിരുവനന്തപുരത്ത് നടന്ന ഏഴാമത് അന്താരാഷ്ട്ര ചലച്ചിത്രോൽസവത്തേപ്പറ്റി നമ്മുടെ മാധ്യമങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടു എങ്കിലും അതു നടത്തിയവർ സിനിമാരംഗത്തെ ആചാര്യന്മാർ ആയിരുന്നു എങ്കിലും പല പഠനങ്ങളും സിനിമയുടെ സാങ്കേതികത്വത്തെ ചുറ്റിപ്പറ്റി ഉള്ളതായിരുന്നു. കഴിഞ്ഞ ചില വർഷങ്ങളിൽ എന്നതുപോലെ ഇത്തവണയും ഏറെ ശ്രദ്ധേയമായിരുന്നത് ഇറാനിയൻ സിനിമകൾ തന്നെയായിരുന്നു. ആമുഖചിത്രമായ 'ബാറാൻ' (മഴ), ലോകസിനിമാവിഭാഗത്തിൽ പ്രദർശിപ്പിച്ച 'The Day I became a Woman, എന്നിവയേപ്പറ്റി ധാരാളം പറഞ്ഞുകേട്ടു. എങ്കിലും ഇവയോടൊപ്പം തന്നെ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്ന രണ്ട് ഇറാനിയൻ ചിത്രങ്ങളാണ് ദീസർക്കിളും ഓയിൽ ചിൽഡ്രനും. ഏറെ ശക്തമായ സെൻസറിംഗ് ഉള്ള ഇറാനിൽ നിന്നും ''പെണ്ണായി പിറക്കുന്നതിന്റെ ദുരിതങ്ങൾ'' ഇത്ര നന്നായി അവതരിപ്പിക്കുന്ന ചിത്രം വരുമെന്ന് കരുതുവാൻ തന്നെ കഴിയുമോ?

കുറ്റം എന്തെന്നുപോലും വ്യക്തമാകാതെ ജയിലിൽ കഴിയേണ്ടിവന്ന യുവതിയും ഗർഭമലസിപ്പിക്കാൻ വഴിതേടുന്ന അവിവാഹിതയും തെരുവിൽ പുകവലിക്കാൻ ഒഴിവുതേടുന്ന യുവതിയും ഒക്കെ ചിത്രത്തിലുണ്ട്. ഇത് ഇറാനിയൻ സിനിമയുടെ പുതിയ ഒരുമുഖമാണ്.

ഒരുപക്ഷെ ഇത്രതന്നെ സാമൂഹ്യപ്രസക്തിയുള്ള ചിത്രമാണ് Oil Children അഥവാ എണ്ണക്കുട്ടികൾ. ഇബ്രാഹിം ഫൗറോസേഷ് ആണ് സംവിധായകൻ. അദ്ദേഹത്തിന് ഒട്ടേറെ അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. തെക്കൻ ഇറാനിലെ മസ്ജദ് സോളിമാൻ പൈപ്പ് ലൈനികളുടെ ഒരു നഗരമാണ്. നിമിഷം പ്രതി നൂറു കണക്കിന് ലിറ്റർ പെട്രോളും പ്രകൃതിവാതകവും ഒഴുകുന്ന പൈപ്പ് ലൈനുകൾ കടന്നുപോവുന്ന അന്നാട്ടിലെ ജനങ്ങൾ കടുത്ത ദാരിദ്ര്യത്തിലും, പുരുഷന്മാർ മിക്കവരും തൊഴിൽ തേടി അന്യനാട്ടിലും. കുടുംബം പുലർത്താൻ അഗാധമായ എണ്ണക്കിണറിൽനിന്നും എണ്ണമോഷ്ടിക്കുന്ന സ്ത്രീകളും ധനികരായ വിദേശികളുടെ പൂന്തോട്ടത്തിൽ നിന്നും പൂക്കൾ മോഷ്ടിക്കുന്ന കുട്ടികളും ഭർത്താക്കന്മാർ വിദേശത്തു പോവാൻവേണ്ടി വാങ്ങിയ കടത്തിന് പകരമായി വീടിന്റെ ആകസമ്പത്തായ കോവർ കഴുതയെ കൊണ്ടുപോകുന്ന കടംകൊടുത്തയാളും ഈ കോവർകഴുതയെ തിരിയെ പിടിച്ച് എടുക്കാൻ ശ്രമിക്കുന്ന ആൺകുട്ടിയും ഇതിലെ കഥാപാത്രങ്ങളാണ്.

കോവർകഴുതയെ തിരിച്ചുനൽകണമെങ്കിൽ അയാൾ ചോദിക്കുന്നത് ഈ കുട്ടിയുടെ സഹോദരിയെയാണ്. ആ കടം വീട്ടാൻ അഗാധമായ കുഴികൾക്കുമീതേ പോകുന്ന പൈപ്പ് ലൈനുകളിൽക്കൂടി നടക്കാൻ വാതുകെട്ടുകയാണീ കുട്ടി. പക്ഷേ അതുകൊണ്ടും ഫലമില്ല. ഗതികെട്ട അവന്റെ കുടുംബം മറ്റൊരിടം തേടി പോവുന്നു.

തങ്ങളുടെ അടുക്കളക്ക് കീഴിലൂടെ വൻതോതിൽ ഇന്ധനം ഒഴുകുമ്പോൾ സ്വന്തമടുപ്പിൽ തീയെരിയാൻവേണ്ട ഇന്ധനത്തിന് വേണ്ടി കഷ്ടപ്പെടുന്ന ജനങ്ങൾ. ആധുനികനാഗരിക വികസനരീതിയുടെ യഥാർത്ഥ ഇരകളാണിവർ. ഇത് ഇറാന്റെ മാത്രം കഥയല്ല.

ധാതുക്കൾ കൊണ്ട് സമ്പന്നമായ ഒറീസ, ബീഹാർ, ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിലെ ബഹുഭൂരിപക്ഷം ജനങ്ങളും അതീവ ദരിദ്രമാണ്. എന്നിട്ടും നമ്മുടെ നാട്ടിൽ ഇത്തരമൊരു ചിത്രം ഉണ്ടാകാതിരുന്നത് എന്തുകൊണ്ട് എന്ന് നമ്മുടെ ആസ്ഥാന സിനിമാനിരൂപകർ ചിന്തിച്ചിരുന്നെങ്കിൽ.